നം: എം.4/1850/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 20/02/2020

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം- ഫെബ്രുവരി 25, 2020 ദേശീയ വിരനിവാരണ ദിനം-ആന്റ് മോപ് അപ് ഡേ മാർച്ച് 3 നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന:- 1) 18/01/2020 ലെ ഹെൽത്ത് ഡയറക്ടറുടെ FW3/94945/18/DHS നമ്പർ കത്ത്
2) 14/02/2020 ൽ ഗവൺമെന്റ് സെക്രട്ടറിയേറ്റിൽ കൂടിയ യോഗം
3) 24/01/2020 ൽ ഈ ഓഫീസിൽ നിന്നുള്ള എം4/1850/2020/ഡി.ജി.ഇ നമ്പർ സർക്കുലർ

****

കേരള സംസ്ഥാന ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് ഈ വർഷത്തെ ദേശീയ വിരനിവാരണ ദിനാചരണങ്ങളുടെ ഭാഗമായി ഫെബ്രുവരി 25 ന് ഒരു വയസ്സിനും 19 വയസ്സിനും ഇടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും വിര നിർമ്മാർജ്ജനത്തിനായുള്ള ആൽബൻഡസോൾ ഗുളിക നൽകുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് സൂചന (1) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം എല്ലാ സ്കൂളുകളിലും പ്രസ്തുത ഗുളികകൾ വിതരണം ചെയ്യുന്നതിനും അത് നിശ്ചിത മാത്രയിൽ കുട്ടികൾ കഴിച്ചു എന്ന് ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ആരോഗ്യ വകുപ്പ് നൽകിയ ആൽബൻഡസോൾ ഗുളികകൾ സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനും പ്രഥമാധ്യാപകരെ ചുമതലപ്പെടുത്തുന്നു. കൂടാതെ താഴെ പറയുന്ന നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

1. ഉച്ചഭക്ഷണം കഴിഞ്ഞശേഷം ഗുളികകൾ വെള്ളത്തോടൊപ്പം ചവച്ച് കഴിക്കണം. ഗുളികകൾ വിഴുങ്ങാൻ പാടില്ല.
2. മറ്റ് അസുഖങ്ങൾക്ക് ചികിത്സയിൽ ഉള്ള കുട്ടികളെ ഗുളിക കഴിക്കാൻ നിർബന്ധിക്കരുത്.
3. ഒരു കുട്ടിയെയും ഗുളിക നിർബന്ധിച്ച് കഴിപ്പിക്കാൻ പാടുള്ളതല്ല.
4. വീടുകളിൽ ഗുളിക കൊണ്ട് പോകാൻ കുട്ടികളെ അനുവദിക്കരുത്
5. ഗുളിക നൽകുന്ന വിവരം രക്ഷകർത്താക്കളെ മുൻകൂട്ടി അറിയിക്കേണ്ടതാണ്
6. ബന്ധപ്പെട്ട പബ്ലിക് ഹെൽത്ത് സെന്ററുകളിൽ നിന്നും ഗുളിക സ്കൂളുകളിൽ ലഭ്യമാക്കുന്നതാണ്.
7. ഫെബ്രുവരി 25 ന് ഗുളിക കഴിക്കാൻ കഴിയാതിരുന്ന കുട്ടികൾക്ക് ദേശീയ മോപ് അപ് ഡേ ആയ മാർച്ച് 3 ന് ആൽബൻഡസോൾ ഗുളിക നൽകാവുന്നതാണ്.

ആർ.എസ് ഷിബു
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർ സെക്കന്ററി)
3) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4) എല്ലാ പ്രഥമാധ്യാപകരും (വിദ്യാഭ്യാസ ഓഫീസർ മുഖേന)

ഫയൽ